പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.323 — 14.03.2017 ൽ മറുപടിയ്ക്ക്

## വില നിയന്ത്രണ അതോറിറ്റി

| ചോദ്യം<br>ശ്രീ. പാറക്കൽ അബ്ദുല്ല | ഉത്തരം<br>ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് വില നിയന്ത്രണ അതോറിറ്റി പുന:സംഘടിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;<br><br>(ബി) നിലവിലുള്ള അതോറിറ്റിയുടെ ഘടനയും പുന:സംഘടിപ്പിക്കുകയാണെങ്കിൽ വരുത്താനുദ്ദേശിക്കുന്ന മാറ്റങ്ങളും വ്യക്തമാക്കുമോ;<br><br>(സി) വില നിയന്ത്രണ അതോറിറ്റിയുടെ പ്രധാന ചുമതലകൾ എന്തൊക്കെയാണ്;<br><br>(ഡി) ചുമതലകൾ യഥാസമയം നിർവഹിക്കുന്നതിൽ അതോറിറ്റിക്ക് വീഴ്ചകൾ സംഭവിച്ചിട്ടുണ്ടോ; എങ്കിൽ അത് സംസ്ഥാനത്ത് വിലക്കയറ്റത്തിന് കാരണമായിട്ടുണ്ടോ; വിശദാംശം നൽകുമോ? | (എ) യും (ബി) യും (സി) യും (ഡി) യും<br><br>സംസ്ഥാനത്ത് വില നിയന്ത്രണ അതോറിറ്റി രൂപികരിച്ചിട്ടില്ല. എന്നാൽ മുൻകാലങ്ങളിൽ സിവിൽ സപ്‌ളൈസ് വകുപ്പിന്റെ കീഴിൽ ഒരു 'പ്രൈസ് മോണിറ്ററിംങ്ങ് സെൽ' പ്രവർത്തിച്ചിരുന്നു. സംസ്ഥാനത്ത് അവശ്യ സാധനങ്ങൾക്ക് അടിക്കടി ഉണ്ടാകുന്ന വിലകയറ്റം കണക്കിലെടുത്തു കൃഷിവകുപ്പ്, ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്, സപ്ലൈക്കോ, ഹോർട്ടികോർപ്പ്, സ്റ്റേറ്റ് ഐ.റ്റി മിഷൻ, ഐ.ഐ.ഐ.റ്റി.എം.കെ എന്നിവയുടെ പ്രതിനിധികളെ ഉൾപ്പെടുത്തി സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിൽ ഒരു 'പ്രൈസ് മോണിറ്ററിംങ്ങ് സെൽ' രൂപികരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത സെല്ലിന്റെ രൂപീകരണം, ഘടന, പ്രവർത്തനം എന്നിവ സംബന്ധിച്ചുള്ള ശുപാർശകൾ അടിയന്തിരമായി സർക്കാരിൽ സമർപ്പിക്കുവാൻ സിവിൽ സപ്ലൈസ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ